# പ്രതികരണം

പെണ്ണ് കാണാൻ ചെന്നിട്ട് ചെറുക്കന് പെണ്ണിനെ കാണാനായില്ല. അവൾ മുമ്പിൽ വരാത്തതല്ല കാരണം. അവൻ നോക്കിയില്ല. അത്ര തന്നെ. അവളോട് സംസാരിക്കാനുള്ള വീട്ടുകാരുടെ ക്ഷണം അവൻ തല്ക്കാലം വേണ്ടെന്നു വെക്കുകയും ചെയ്തു. പിന്നെ അവളെ അവൻ കാണാനുള്ള സൗഭാഗ്യം ഉണ്ടായത് കല്യാണ ദിവസം രാത്രിയിൽ കിടപ്പറയിൽ വെച്ച്. അതോ, അവന് പറ്റാത്തതും.

ഈ സമീപനത്തെപ്പറ്റി നമുക്ക് പലതും പറയാൻ കാണും. സ്വന്തം ആവശ്യങ്ങളോടു പോലും യഥാവിധം നീതിപുലർത്താനാകാത്ത ഒരുവനല്ലേ അവൻ എന്ന് നമുക്ക് ന്യായമായും തോന്നിയേക്കാം.

ഓരോ വിഷയത്തോടുമുള്ള പ്രതികരണത്തിൽ നമ്മുടെ വ്യക്തിത്വവും ബുദ്ധിയും പ്രതിഫലിക്കുകതന്നെ വേണം. പ്രതികരണം മോശമാണെങ്കിൽ നമുക്ക് പരാജയം മാത്രമല്ല നാം തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യും.

നാം നമ്മെ തിരിച്ചറിയെന്നത് പ്രധാനമാണ്. നമ്മുടെ കഴിവും യോഗ്യതയും നിലയും വിലയും സമൂഹത്തിൽ നമുക്കുള്ള സ്ഥാനവുമൊക്കെ മനസ്സിലാക്കുകയെന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനനുസരിച്ച പെരുമാറ്റവും സമീപനവുമാണ് സമൂഹം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്. അതിനനുസരിച്ച് നാം ഉയർന്നിട്ടില്ലെങ്കിൽ നമുക്ക് അർഹിക്കുന്ന സ്ഥാനം ലഭിക്കാതെയാകും. അവസരങ്ങൾ നഷ്ടമാകും. താലി കെട്ടിയതിനു ശേഷം പെണ്ണിന്റെ തകരാറുകൾ പറയുന്നത് വിവേകമല്ല.

നാം നമ്മെ തിരിച്ചറിയുമ്പോൾ മാത്രമാണ് നമ്മുടെ കഴിവുകളെപ്പറ്റിയും നമുക്ക് ബോധ്യമാവുകയുള്ളൂ. ആ ബോധ്യത്തിൽനിന്നാണ് നമ്മെ ഉന്നതനായി സൃഷ്ടിച്ച ദൈവത്തെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ആ തിരിച്ചറിവിൽനിന്നാണ് നമുക്ക് പ്രവർത്തിക്കാനുള്ള ഉന്മേഷം ലഭിക്കുന്നത്.

പലതരം പ്രശ്നങ്ങളും നിറഞ്ഞതാണ് ഒരു സമൂഹം. അവിടെയൊക്കെ പ്രതികരിക്കൽ വ്യക്തിയുടെ ബാധ്യത കൂടിയാണ്. ആ പ്രതികരണം സമൂഹസൃഷ്ടിപ്പിന്റെ ഭാഗവുമാണ്. പ്രതികരണശേഷി പലർക്കും പലവിധത്തിലാണ് ദൈവം നല്കിയിട്ടുള്ളത്. വ്യക്തികളുടെ വിവിധ കഴിവുകളിലൂടെ നമുക്കത് മനസ്സിലാക്കാം.

സമൂഹത്തിലുണ്ടാകുന്ന പ്രശ്നങ്ങളോട് പ്രതികരിക്കാതിരിക്കുന്നത് പല പ്രശ്നങ്ങൾക്കും കാരണമാകും. നന്നെ ചുരുങ്ങിയത് ചെറുതായി തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ പ്രതികരണശേഷിയില്ലായ്മ കാരണം വളർന്നു വലുതായേക്കാം. അതിലുപരി, ദൈവം നമ്മിൽ അർപ്പിച്ച ഉത്തരവാദിത്തത്തിന്റെ നേർക്കു നേരെയുള്ള ലംഘനം കൂടിയാണത്. പ്രശ്നങ്ങളോട് വിവിധ രീതിയിലും ശൈലിയിലും പ്രതികരിക്കാനാണല്ലോ അവൻ നമുക്ക് കഴിവുകൾ തന്നിട്ടുള്ളത്.

പ്രതികരണം പരിവർത്തനത്തിന്റെ ആദ്യപടവുകളാണ്. അത് നിർവഹിക്കാത്തവൻ സാമൂഹികനന്മയിൽ സഹകരിക്കാത്തവനാകുന്നു. സന്ദർഭവും അവസ്ഥയും പരിഗണിച്ച് അത് ചെയ്യുക തന്നെ വേണം. അതിനാലാണ് പ്രവാചകൻ മുഹമ്മദ് പറഞ്ഞത്: നിങ്ങൾ ഒരു തിന്മ കണ്ടാൽ ആദ്യം കൈ കൊണ്ട് തടയുക. അതിന് സാധിച്ചില്ലെങ്കിൽ നാവ് കൊണ്ട് പ്രതിരോധിക്കുക. അതിനും സാധ്യമല്ലെങ്കിൽ മനസ്സ് കൊണ്ടെങ്കിലും പ്രതികരിക്കട്ടെ. അതാണ് താഴ്ന്ന വിശ്വാസം."

നല്ല പ്രതികരണങ്ങൾ ചികിത്സയാണ്. അതാണ് ഒരു സമൂഹത്തെ പാപങ്ങളിൽനിന്ന് സംരക്ഷിക്കുന്നത്.